നടത്തിപ്പിനുവേണ്ടി ഉപയോഗിക്കേണ്ടി വന്നതിനാൽ സൈൽ പദ്ധതി ടി സാമ്പത്തിക വർഷം നടത്തേണ്ടതില്ലായെന്ന് തീരുമാനിച്ചിരുന്നതിനാൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയിൽ സമർപ്പിച്ചിരുന്നില്ല.

(സി) 2008-09 വർഷംമുതൽ പൈക്ക പദ്ധതിയിൽ ഉൾപ്പെടുത്തിയ കേരളത്തിലെ 400 ഗ്രാമപഞ്ചായത്തുകൾക്കും 57 ബ്ലോക്ക് പഞ്ചായത്തുകൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള അർഹമായ ഒറ്റത്തവണ പ്രാരംഭമൂലധന ഗ്രാന്റ് അനുവദിച്ചത് സംബന്ധിച്ച വിവരങ്ങൾ അനുബന്ധം 1,2,3,4,-ൽ ചേർത്തിരിക്കുന്നു.*

പ്രസ്തുത ഗ്രാന്റ് പൈക്ക പദ്ധതി പ്രകാരമുള്ള മാർഗ്ഗരേഖകൾ പ്രകാരം ഗ്രാമ/ ബ്ലോക്ക് പഞ്ചായത്തുകൾ പൈക്ക സെന്ററായി തെരഞ്ഞെടുക്കുന്ന സർക്കാർ സ്കൂളുകളിലെ കളിസ്ഥലങ്ങളിലോ, സർക്കാർ സ്കൂളുകളുടെ കളിസ്ഥലം ലഭ്യമല്ലാതെ വരുന്ന അവസരത്തിൽ പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ, എയ്ഡഡ് സ്കൂൾ ഗ്രൗണ്ടുകളിൽ ഭൂമി നിരപ്പാക്കൽ, ഗ്രൗണ്ടിൽ വെള്ളംകെട്ടി നിൽക്കാതിരിക്കുവാനുള്ള സംവിധാനം ഒരുക്കൽ, കളിസ്ഥലത്തിന് ചുറ്റും റീടെയിനിംഗ് വാൾ നിർമ്മിക്കൽ, നിലവിലുള്ള അടിസ്ഥാന സൗകര്യങ്ങളുടെ മെച്ചപ്പെടുത്തൽ, ടോയ്ലറ്റ് സംവിധാനം, അത്ലറ്റിക് ട്രാക്ക്, ലോംഗ് ജംപ് പിറ്റ് (സാധാരണയോ സിന്തറ്റിക്കോ), ഹൈ ജംപ് പിറ്റ് (സാധാരണയോ സിന്തറ്റിക്കോ) വിവിധയിനം കായിക പരിശീലനത്തിനാവശ്യമായ കോർട്ടുകൾ നിർമ്മിക്കുക, അവശ്യാവശ്യമായ പോസ്റ്റുകൾ സ്ഥാപിക്കുക എന്നീ പദ്ധതികൾക്കായി വിനിയോഗിച്ചു കൊണ്ടിരിക്കുന്നു.

സൈൽ പദ്ധതിയിൽ ഉൾപ്പെടുത്തിയ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും കായിക യുവജന കാര്യാലയത്തിന്റെയും വിവിധ പദ്ധതികളുടെ ജില്ല തിരിച്ചുള്ള വെവ്വേറെ ലിസ്റ്റ് അനുബന്ധം 5 ആയി ചേർത്തിരിക്കുന്നു.*

കേരള സ്പോർട്സ് ആക്ട്

287 (3109) ശ്രീ. ബെന്നി ബെഹനാൻ :

ശ്രീ. വർക്കല കഹാർ :

ശ്രീ. പി. എ. മാധവൻ :

ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എ) കേരള സ്പോർട്സ് ആക്ട് ഭേദഗതി ചെയ്യുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എന്തെല്ലാം മാറ്റങ്ങളാണ് ഭേദഗതി മുഖേന നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് ;

(സി) സ്പോർട്സ് രംഗത്തെ പ്രവർത്തനത്തിനും വളർച്ചയ്ക്കും ആയത് എത്ര മാത്രം സഹായകരമാകും എന്നാണ് കരുതുന്നത് ;

(ഡി) ഇതിനുള്ള നിയമനിർമ്മാണ പ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരള സ്പോർട്സ് ആക്ട് ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി&സി) 2000-ലെ കേരള സ്പോർട്സ് ആക്ട് ഭേദഗതി ചെയ്യുന്നതിനും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെയും ജില്ലാ സ്പോർട്സ് കൗൺസിലുകളുടെയും സുഗമമായ പ്രവർത്തനം ഉറപ്പുവരുത്തുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് നയം 2012-ന്റെ ലക്ഷ്യങ്ങളും ദർശനങ്ങളും സാക്ഷാത്കരിക്കുന്നതിനുമാണ് നിർദ്ദിഷ്ട ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നത്. പുതുക്കിയ കായിക നയത്തിനനുസൃതമായി സംസ്ഥാന സ്പോർട്സ് കൗൺസിലും ജില്ലാ കൗൺസിലുകളും പുനഃസംഘടിപ്പിക്കേണ്ടിവരുമെന്നതിനാൽ നിലവിലെ സ്പോർട്സ് ആക്ടിൽ കാതലായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനും കായിക രംഗത്ത് പ്രവർത്തിക്കുന്ന വിവിധ സംഘടനകളുടെ രജിസ്ട്രേഷനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും അവയുടെ പ്രവർത്തനത്തിന് ഏകീകൃതവും സ്വതന്ത്രവും സുതാര്യവുമായ രൂപരേഖ തയ്യാറാക്കുന്നതിനും അവയുടെ പ്രവർത്തനം കായിക നയത്തിന് അനുയോജ്യമായരീതിയിൽ മാറ്റുന്നതിനും ഈ ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നു. സ്പോർട്സ് കൗൺസിലുകളിലെയും മറ്റ് കായിക സംഘടനകളുടെയും ഭാരവാഹികളായി കായിക രംഗത്തുള്ളവരെ കൊണ്ടുവരുന്നതിനും സ്പോർട്സിൽ കായികതാരമാണ് കേന്ദ്ര കഥാപാത്രം എന്ന നയത്തിന് ആധാരമായ രീതിയിൽ നിയമനിർമ്മാണം നടത്തുകയുമാണ് ഈ ഭേദഗതിയിലൂടെ ലക്ഷ്യം വയ്ക്കുന്നത്. അതോടൊപ്പം കായിക രംഗത്ത് അന്താരാഷ്ട്ര നിലവാരമുള്ള അടിസ്ഥാന സൗകര്യങ്ങൾ നിർമ്മിക്കുന്നതിനും അവയുടെ പരിപാലനത്തിനും കായിക താരങ്ങളുടെയും പരിശീലകരുടെയും സംരക്ഷണത്തിനും ഊന്നൽ നൽകി ഒരു കായിക വികസന നിധി രൂപീകരിക്കുന്നതിനും അതിന്റെ നിയമാവലി തയ്യാറാക്കുന്നതിനും ആവശ്യമായ ഭേദഗതികൾ നിലവിലെ സ്പോർട്സ് ആക്ടിൽ കൊണ്ടുവരാനും നിർദ്ദിഷ്ട ഭേദഗതികൊണ്ട് ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) കേരള സ്പോർട്സ് ആക്ട് 2000 ഭേദഗതി ചെയ്യുന്നതിനുള്ള കേരള സ്പോർട്സ് (ഭേദഗതി) ബിൽ 2015 നിയമമാക്കുന്നതിനായി മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു. തുടർന്ന് ഗവർണ്ണറുടെ ശിപാർശ ലഭിക്കുന്നമുറയ്ക്ക് ബിൽ നിയമസഭ മുമ്പാകെ സമർപ്പിക്കുന്നതാണ്.

വട്ടതല ജമാ അത്ത് ഹയർസെക്കന്ററി സ്കൂളിൽ സ്പോർട്സ് ഗ്രൗണ്ട്

288 (3110) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും കായികവും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരൂർ മണ്ഡലത്തിലെ അരൂക്കുറ്റി പഞ്ചായത്തിലെ വട്ടതല ജമാഅത്ത് ഹയർസെക്കന്ററി സ്കൂളിൽ സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് സഹിതം ഒരു പ്രൊപ്പോസൽ സ്പോർട്സ് കൗൺസിലിന് നൽകിയിരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) നിരവധി കായികതാരങ്ങൾ ഉള്ള ഈ പ്രദേശത്ത് സ്പോർട്സ് ഗ്രൗണ്ടില്ലാത്തതുമൂലമുള്ള ബുദ്ധിമുട്ട് അകറ്റുന്നതിനായി അടിയന്തരമായി സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. അരൂക്കുറ്റി പഞ്ചായത്തിൽ ഒരു സ്പോർട്സ് ഗ്രൗണ്ട് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം 2013-ലെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനതല ഉന്നതാധികാരസമിതി മുമ്പാകെ സമർപ്പിച്ചുവെങ്കിലും പദ്ധതി അംഗീകരിക്കപ്പെട്ടിട്ടില്ല.

പ്രസ്തുത നിർദ്ദേശം പുതുക്കിയ എസ്റ്റിമേറ്റ് സഹിതമുള്ള അപേക്ഷയായി സമർപ്പിക്കുകയാണെങ്കിൽ നടപ്പ് സാമ്പത്തിക വർഷത്തെ സ്മൈൽ പദ്ധതിയിൽ ഉൾപ്പെടുത്തി പരിഗണിക്കുന്നതിനായി സംസ്ഥാനതല സമിതി മുമ്പാകെ സമർപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly